**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4981** **14-03-2023 - ൽ മറുപടിയ്ക്ക്**

**പെരുമൺ പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പെരുമൺ പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഡിസൈൻ സംബന്ധിച്ച് കരാറുകാരനും നിർവ്വഹണ ഏജൻസിയുമായും ഉണ്ടായിട്ടുള്ള അഭിപ്രായ ഭിന്നതമൂലം നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിൽ നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊല്ലം ജില്ലയിൽ അഷ്ടമുടിക്കായലിന് കുറുകെ പെരുമൺ പാലത്തിന്റെ നിർമ്മാണത്തിനായി 31.10.2016 ലെ സർക്കാർ ഉത്തരവ് നമ്പർ 1496/2016/PWD പ്രകാരം 60 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിക്ക് 9/1/2018ലെ PWD001-38-PA-01 നമ്പർ ഉത്തരവ് പ്രകാരം കിഫ്ബി 41.215 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകുകയും, തുടർന്ന് സാങ്കേതിക അനുമതി ലഭ്യമാക്കി ടെൻഡർ നടപടിക്രമത്തിലൂടെ കരാറുകാരനെ തെരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ടു. പാലത്തിന്റെ മധ്യഭാഗം ഒഴികെയുള്ള സ്പാനുകൾ പൂർത്തീകരിച്ച് അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.<br><br>പെരുമൺ പാലത്തിന്റെ മധ്യഭാഗത്തിന്റെ രൂപകൽപ്പന; കരാർ പ്രകാരം നൽകിയതിൽ നിന്നും, സാങ്കേതികമായ നിർമ്മാണ ബുദ്ധിമുട്ടുക ളുടെ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ വരുത്തി നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിരുന്നു. അതിനാൽ പാലത്തിന്റെ മധ്യഭാഗത്തെ Extradosed Central Span നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ വിഷയത്തിൽ ഡിസൈൻ വിംഗിന്റെ അഭിപ്രായം മുൻനിർത്തി കരാറുകാര നുമായി ചർച്ച നടത്തി പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പാലം നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ